ജി(2)318/2019 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി.**08.03.2022.**

## <u>സർക്കുലർ നമ്പർ 11/2022</u>

വിഷയം:- സഹകരണവകുപ്പ്-കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായത് - സംബന്ധിച്ച്.

പരാമർശം:- സ.ഉ(കൈ)01/2022/മഉവ, തീയതി, 15.01.2022 നമ്പർ സർക്കാർ ഉത്തരവ്.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.12.2008 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മൊറട്ടോറിയത്തിന്റെ കാലാവധി 01.01.2022 മുതൽ 30.06.2022 വരെ ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളിൽ നിന്നും/ബാങ്കുകളിൽ നിന്നും 31.12.2008 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 30.06.2022 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവാകുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

(ഒപ്പ്)
ബിനോയ് കുമാർ.എം
സഹകരണ സംഘം രജിസ്ട്രാർ(I/C)

1. സഹകരണ ആഡിറ്റ് ഡയറക്ടർ.
2. ജനറൽ മാനേജർ, കേരള ബാങ്ക്, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം,തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ റീജിയണുകൾ.

3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
4. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർക്കും.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
6. സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.
7. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള ബാങ്ക്, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ റീജിയണുകൾ.
8. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
9. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്)മാർക്ക്. (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മുഖേന)
10. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ.
11. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ.
12. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
13. സ്റ്റോക്ക് ഫയൽ/സ്പെയർ

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)